ശുദ്ധിയാക്കുന്നതിനും സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുജന ആരോഗ്യത്തിനായി മെഡിക്കൽ ക്യാമ്പുകൾ നടത്താൻ കോർപ്പറേഷൻ സന്നദ്ധമാണെങ്കിലും പരിസരവാസികളുടെ നിസ്സഹകരണം മൂലം ടി. ക്യാമ്പുകൾ ഇപ്പോൾ നടത്താൻ കഴിയുന്നില്ല.

(ബി) സ്വീകരിക്കുന്നതാണ്.

മണ്ണാർക്കാട് പഞ്ചായത്ത് വിഭജനം

111. [877] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് പഞ്ചായത്ത് വിഭജിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വിഭജന നടപടികൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിഭജന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

മുൻപഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ പദ്ധതി

112. [878] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകുവാനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പഞ്ചായത്തു മെമ്പർമാരായി സേവനം അനുഷ്ഠിച്ച നിരവധി ആളുകൾ ഇപ്പോൾ യാതൊരു ജോലിയും ചെയ്യാനാവാതെ, ചികിത്സയ്ക്കുപോലും വരുമാനമില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഇവർക്ക് പെൻഷൻ നൽകുന്നതിനായി ഒരു പദ്ധതി തയ്യാറാക്കുവാൻ സർക്കാർ മുൻകയ്യെടുക്കുമോ ; എങ്കിൽ ഇതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ, ബി) പഞ്ചായത്തിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകാനുള്ള പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly